LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വായ്പാപലിശ

53 (†2686) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്തവരുടെ പലിശ ഒഴിവാക്കുന്നതു സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ബി) വിദ്യാഭ്യാസ വായ്പയെടുത്ത് മരണമടഞ്ഞു പോയവർക്കും പഠിത്തം അവസാനിപ്പിച്ചവർക്കും വായ്പയിൽ ഇളവ് നൽകാറുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പലിശ സബ്സിഡി സ്കീമിന്റെ ഉത്തരവ്/മാനദണ്ഡത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 1-4-2004 മുതൽ 31-3-2009 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്തശേഷം മരണമടഞ്ഞ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പലിശ എഴുതിത്തള്ളുന്ന സ്കീം സർക്കാർ ആവിഷ്കരിച്ചിരുന്നു.

മരണപ്പെട്ട കുട്ടികൾക്ക് അതാത് ബാങ്കുകളുടെ നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) പ്രകാരം ഇളവുകൾ ലഭ്യമാകാറുണ്ട്.

പഠനം പൂർത്തിയാക്കാതെ അവസാനിപ്പിച്ചവർക്ക് വായ്പയിളവ് നൽകുന്ന സ്കീം നിലവിലില്ല. എന്നാൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം പഠനം പൂർത്തിയാക്കാത്തത് ആരോഗ്യപരമായ കാരണങ്ങളാലാണെങ്കിൽ പലിശയിളവ് നൽകാമെന്ന വ്യവസ്ഥയുണ്ട്.

കേന്ദ്രപദ്ധതി നടത്തിപ്പ്

54 (T 2687) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ കേന്ദ്ര മാനദണ്ഡങ്ങൾമൂലം പ്രയാസങ്ങൾ നേരിടുന്നുണ്ടോ ;

(ബി) എങ്കിൽ അക്കാര്യം കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) കേന്ദ്ര പദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനായി ആവശ്യമായ സംസ്ഥാന വിഹിതം കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുമോ ;

(ഡി) നിർത്തലാക്കുന്ന കേന്ദ്രപദ്ധതികളുടെ തുടർപ്രവർത്തനം സംസ്ഥാന പദ്ധതികളുമായി യോജിപ്പിച്ച് നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) സംസ്ഥാന വിഹിതം ആവശ്യമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന വിഹിതം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്.

(ഡി) നിർത്തലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

55 (2688) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ പദ്ധതിയിലും ലഭ്യമായ തുകയെത്രയെന്ന് വർഷം, ഇനം, വകപ്പ് തിരിച്ച് ലഭ്യമാക്കാമോ ;

(സി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ യഥാസമയം പൂർത്തിയാകാത്തത് കൊണ്ട് കേരളത്തിന് ഏതെങ്കിലും പദ്ധതികൾ നഷ്ടപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പട്ടിക അനുബന്ധം (എ) ആയി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly